**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2834.** **06.02.2018 ൽ മറുപടിയ്ക്ക്**

**ലഹരിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്ര; | എ) | ഈ സർക്കാരിന്റെ 31/12/2017 വരെയുളള കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.<br>1. അബ്കാരി - 37,605.<br>2. എൻ.ഡി.പി.എസ്-7,979.<br>3. കോട്പ – 1,12,427. |
| (ബി) | പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് എത്ര റെയ്ഡുകൾ നടത്തി; ആയതിന്റെ അടിസ്ഥാനത്തിൽ എത്രപേർ അറസ്റ്റിലായി എന്ന് വ്യക്തമാക്കാമോ; റെയ്ഡിൽ കണ്ടെത്തിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | എക്സൈസ് വകുപ്പ് സംസ്ഥാനത്ത് 2,21,842 റെയ്ഡുകൾ നടത്തി. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. അബ്കാരി കേസ്സുകളിൽ ഉൾപ്പെട്ട് അറസ്റ്റിലായവർ - 33,710.<br>2. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട് അറസ്റ്റിലായവർ - 8,384. |

| | |
|---|---|
| സ്പിരിറ്റ് | 9525.350 ലിറ്റർ |
| ചാരായം | 6547.415 ലിറ്റർ |
| വിദേശ മദ്യം | 58907.856 ലിറ്റർ |
| കോട | 331609 ലിറ്റർ |
| അരിഷ്ടം | 29624.445 ലിറ്റർ |
| ബിയർ | 9497.33 ലിറ്റർ |
| കള്ള് | 24429.15 ലിറ്റർ |
| വ്യാജമദ്യം | 1924.55 ലിറ്റർ |
| കഞ്ചാവ് | 1834.267 കി.ഗ്രാം |
| കഞ്ചാവ് ചെടി | 2511 |
| ഹാഷിഷ് | 12774.148 ഗ്രാം |
| ഹെറോയിൻ | 506.080 ഗ്രാം |

| | | | |
|---|---|---|---|
| | | | <table><tr><td>ബ്രൗൺ ഷുഗർ</td><td>292.280 ഗ്രാം</td></tr><tr><td>ഒപ്പിയം</td><td>4818 ഗ്രാം</td></tr><tr><td>മയക്ക് മരുന്ന് ഗുളികകൾ</td><td>9218 ഗുളികകൾ</td></tr><tr><td>പുകയില ഉല്പന്നങ്ങൾ</td><td>893262 പാക്കറ്റ്സും 25371.78 കി.ഗ്രാം</td></tr><tr><td>തൊണ്ടി രൂപ</td><td>35,43,736 രൂപ</td></tr><tr><td>വാഹനങ്ങൾ</td><td>2829 എണ്ണം</td></tr></table> |
| (സി) | ഈ സർക്കാരിന്റെ അബ്കാരി നയം, കഴിഞ്ഞ സർക്കാർ കാലയളവിലെ നടപടികളെക്കാൾ കൂടുതൽ മെച്ചപ്പെട്ടതാണെന്ന് കരുതുന്നുവോ; എങ്കിൽ വിശദമാക്കുമോ; | (സി) | കരുതുന്നുണ്ട്. മുൻ സർക്കാരിന്റെ മദ്യനയത്തിലെ തീരുമാനങ്ങളെ തുടർന്ന് സ്ഥിരമായി മദ്യം ഉപയോഗിച്ചിരുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾ മയക്കമരുന്നുകളും വ്യാജമദ്യവും ഉൾപ്പെടെയുള്ള നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് തിരിയുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പുതിയ മദ്യനയം രൂപീകരിച്ച് പ്രാവർത്തികമാക്കിവരുന്നത്. ഇതിനായി ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, മദ്യഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കുന്നതിനായി 'വിമുക്തി' എന്ന ബോധവത്ക്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഡി) | ലഹരിമുക്ത കേരളം കെട്ടിപ്പടുക്കാനുള്ള എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ '**വിമുക്തി**'യെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കികൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണിവരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതി യു ണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിയ്ക്കെതിരെ 'കായിക ലഹരി'യെന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. **'വിമുക്തി'** മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് **'വിമുക്തി'** മിഷന്റെ എല്ലാ പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുന്നത് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലാണ്. |

**സെക്ഷൻ ഓഫീസർ**